വിവരാവകാശ നിയമം 2005 പ്രകാരം ഉള്ള
1-ാം അപ്പീൽ അപേക്ഷ

16481

From, ദിലീപ് കുമാർ .കെ,
ദിലീപ് ഭവൻ,
ചിറ്റാക്കുളങ്ങര, കുളക്കട. പി.ഒ, 691521,
കൊട്ടാരക്കര.

OFFICE OF THE DIRECTOR OF SOIL ...
27 NOV 2018

To, ശ്രീ. ഗീത,
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
അപ്പീൽ അധികാരി / അഡീഷണൽ ഡയറക്ടർ,
സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ് ഭവൻ 5th floor,
തിരുവനന്തപുരം.

D1-ന്
മറുപടി ഉടൻ ഉദ്യോഗസ്ഥരെ അറിയിക്കാനായി സമർപ്പിക്കുക

lkg 28/11/18
AO.

സർ, 11/10/2018ൽ ഞാൻ അങ്ങയുടെ ഓഫീസിൽ വിവരാവകാശനിയമപ്രകാരം ആവശ്യപ്പെട്ട വിവരം 28/6/2018ൽ ഞാൻ അങ്ങയുടെ ഓഫീസിൽ സമർപ്പിച്ച പരാതിയിൽ മേൽ അങ്ങയുടെ ഓഫീസ് നടപടി എടുത്തിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ആണ് ഞാൻ ആവശ്യപ്പെട്ടത്.

എന്നാൽ 14/11/2018ൽ എനിക്ക് നൽകിയത് അങ്ങയുടെ ഓഫീസിൽ നിന്നു് എന്റെ പരാതിയിൽ മേലുള്ള അന്വേഷണ റിപ്പോർട്ട് ആണ് എനിക്കു നൽകിയത്. ആയതിനാൽ ഞാൻ ആവശ്യപ്പെട്ട എന്റെ പരാതിയിൽ മേൽ എടുത്ത നടപടിയുടെ പകർപ്പ് തരുന്നതിനുള്ള ഉത്തരവ് ഉണ്ടാകണം എന്ന് താഴ്മയായി അപേക്ഷിക്കുന്നു.

23/11/2018
കുളക്കട

എന്ന് ദിലീപ് കുമാർ.കെ
(ഒപ്പ്)

N.B. 1, 11/10/2018ൽ ഞാൻ അയച്ച അപേക്ഷയുടെ പകർപ്പ്
2, അങ്ങയുടെ ഓഫീസിൽ നിന്നും അയച്ച അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ്

5 रु. Rs.5 भारत INDIA पाँच रुपये FIVE RUPEES

5 रु. Rs.5 भारत INDIA पाँच रुपये FIVE RUPEES

ഫോറം – എ

## വിവരം ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ.

(വിവരാവകാശ നിയമം 2005, 5-ാം ചട്ടം അനുസരിച്ച്)

ഫീ ഒടുക്കിയതിന്റെ വിശദവിവരങ്ങൾ

അപേക്ഷ നമ്പർ................ ഒടുക്കിയ തീയതി....................

തീയതി.............തുക.................

സ്വീകർത്താവ്
ഡയറക്ടർ
ഡയറക്ടറേറ്റ് സോഷ്യൽ ജസ്റ്റിസ്
വികാസ് ഭവൻ 5-ാം നില
തിരുവനന്തപുരം, 695033

പൊതു വിവരാവകാശ ഓഫീസർ / അസി.പൊതു വിവരാവകാശ ഓഫീസർ

1. അപേക്ഷകന്റെ പേര് : ദിലീപ് കുമാർ.കെ

2. കത്തിടപാട് നടത്തുന്നതിനുള്ള വിലാസം : ദിലീപ് കുമാർ.കെ
ദിലീപ് ഭവൻ
ചിറമുക്ക്, കുളക്കട, ഇളമാട് പി.ഒ, 691509

3. ആവശ്യമുള്ള വിവരത്തിന്റെ വിശദാംശങ്ങൾ, പേര് : ഞാൻ അങ്ങയുടെ ഓഫീസിലേക്ക് 28/6/2018ൽ RL 077567251 IN എന്ന പോസ്റ്റൽ നമ്പർ രസീതോടു കൂടി അയച്ച പരാതിയിൻ മേൽ നടപടി-എടുത്തിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് തരുമാറാക-ണമെന്ന് അപേക്ഷിക്കുന്നു.

4. ആവശ്യപ്പെട്ടിരിക്കുന്ന വിവരം ഒരു കേസിനെ സംബന്ധിച്ചിട്ടുള്ളതാണെങ്കിൽ അപേക്ഷകൻ ആ വ്യവഹാരത്തിന്റെ ഒരു കക്ഷിയാണോ എന്ന് വ്യക്തമാക്കുക

5. ആവശ്യപ്പെട്ട ഫയൽ, സംഗതി ഏത് ഉദ്യോഗസ്ഥന്റെ കൈവശത്തിലാണ് അപേക്ഷകന് അറിയുമെങ്കിൽ

സ്ഥലം : ഇളമാട്
തീയതി: 11/10/2018 അപേക്ഷകന്റെ ഒപ്പ് [signature]

ഓഫീസ് ഉപയോഗത്തിന്

ഹാജരാക്കിയ രേഖയുടെ പകർപ്പിന് ഫീസ് ഒടുക്കിയതിന്റെ വിശദവിവരങ്ങൾ

പേജുകളുടെ എണ്ണം ഫീസ് ഒടുക്കിയ തീയതി തുക

നം. DI-13615/18

വിവരാവകാശം/മറുപടി

സാമൂഹ്യനീതി ഡയറക്ടറേറ്റ്,

വികാസ് ഭവൻ, തിരുവനന്തപുരം

തീയതി : 14.11.2018.

Email - swdkerala@gmail.com

Phone : 0471 - 2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

ശ്രീ. ബിനീഷ് കുമാർ കെ.,
ബിനീഷ് ഭവൻ,
[illegible],
കുളക്കട പി.ഒ. – 691 521.

സർ,

വിഷയം : സാമൂഹ്യ നീതി വകുപ്പ് - വിവരാവകാശ നിയമം 2005 പ്രകാരം മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന :- 11.10.2018-ന് താങ്കൾ ഈ കാര്യാലയത്തിൽ വിവരാവകാശ നിയമം പ്രകാരം നൽകിയ പരാതി.

28.06.2018-ന് താങ്കൾ ഈ കാര്യാലയത്തിൽ നൽകിയ പരാതിയിൻമേൽ വിശദമായ അന്വേഷണം നടത്തുകയുണ്ടായി. ടി കാര്യാലയത്തിൽ നിന്നുള്ള അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാതിക്കടിസ്ഥാനമായ വാക്ക് തർക്കത്തിന്റെ പേരിൽ കുളക്കട പഞ്ചായത്തിലെ ...കോട്ട എന്ന സ്ഥലത്തെ KSBC-യുടെ SH No. 2022- ലെ ഒരു ജീവനക്കാരനെ ജോലിയിൽ നിന്നും പിരിച്ചു വിടുകയും മറ്റൊരാൾക്ക് താക്കീത് നൽകിയതായും അറിയാൻ കഴിഞ്ഞു. പരാതിയിൻമേലുള്ള അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

മേൽ മറുപടി തൃപ്തികരമല്ലാത്ത പക്ഷം താങ്കൾക്ക് പുറമേ ചേർക്കുന്ന മേൽ വിലാസത്തിൽ ഈ മറുപടി ലഭിച്ച് 30 ദിവസത്തിനുള്ളിൽ അപ്പലേറ്റ് അതോറിറ്റിക്ക് അപ്പീൽ നൽകാവുന്നതാണ്.

**ശ്രീമതി. കെ. ഗീത,**
**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,**
**അപ്പീൽ അധികാരി / അഡീഷണൽ ഡയറക്ടർ,**
**സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ് ഭവൻ 5th Floor,**
**തിരുവനന്തപുരം.**

വിശ്വസ്തതയോടെ,

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**സാമൂഹ്യ നീതി ഡയറക്ടറേറ്റ്,**
**തിരുവനന്തപുരം.**

## ശ്രീ.ദിലീപ്കുമാർ.വി, ദിലീഷ് ഭവൻ, കുളക്കട(പി.ഒ), കൊട്ടാരക്കര
## യുടെ പരാതിയിൻമേലുള്ള അന്വേഷണ റിപ്പോർട്ട്

കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്ക് കുളക്കട പഞ്ചായത്തിൽ
മാവടി എന്ന സ്ഥലത്ത് കച്ചവടം നടത്തുകയാണ് ഭിന്നശേഷിക്കാരനായ ശ്രീ.
ദിലീപ്കുമാർ ടിയാൻ ബിവറേജസ് കോർപ്പറേഷന്റെ അധീനതയിലുള്ള
എസ്.എച്ച്.നം.2022(കൊട്ടാരക്കര) ഷോപ്പിൽ നിന്നും മദ്യം വാങ്ങുന്നതിനായി
നൽകിയ തുകയുടെ ബാലൻസ് നൽകിയതിൽ വിതരണത്തിലുണ്ടായിരുന്ന
ജീവനക്കാർ 30/- രൂപ കുറവു ചെയ്തു എന്ന് കേരളാ സ്റ്റേറ്റ് ബിവറേജസ്
കോർപ്പറേഷൻ ഡയറക്ടർക്ക് പരാതി നൽകിയതിനെ തുടർന്ന് കേരളാ
സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ ആഡിറ്റ് വിഭാഗത്തെ കൊണ്ട് അന്വേ
ഷണം നടത്തുകയുണ്ടായി. ടി അന്വേഷണത്തിൽ ബോധ്യം വന്ന വിവരങ്ങ
ളുടെ അടിസ്ഥാനത്തിൽ ടി ജീവനക്കാർക്ക് 9000/- രൂപ പിഴ ചുമത്തുകയും
ആയത് അവർ കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ ഒടുക്കുകയുമു
ണ്ടായി.

ഇതിനെ തുടർന്ന് ടിയാൻ തെളിവെടുപ്പിനായി ഷോപ്പിൽ എത്തിയ സമ
യത്ത് ഡ്യൂട്ടിയിലുണ്ടായിരുന്ന വിതരണക്കാരൻ ശ്രീ.മോഹനൻ, സെക്യൂരിറ്റി
ജോലിയിലുണ്ടായിരുന്ന ശ്രീ.രാജൻ യോഹന്നാൻ എന്നിവർ ടിയാനുമായി
മുൻ വിഷയത്തെ ചൊല്ലി വാക്കു തർക്കത്തിൽ ഏർപ്പെട്ടു. തുടർന്നുണ്ടായ
പ്രശ്നങ്ങളാണ് ഇപ്പോഴത്തെ പരാതിക്കാധാരമായത്.

ടി പ്രശ്നത്തെ തുടർന്ന് ശ്രീ.രാജൻ യോഹന്നാനെ, ജോലിയിൽ
നിന്നും പിരിച്ചു വിടുകയും, ശ്രീ.മോഹനന് താക്കീതു നൽകിയതായും
ഷോപ്പ് ഇൻ-ചാർജ് ശ്രീ.അനുപൻ ബോസ് അറിയിക്കുകയുണ്ടായി.

അബ്ക്കാരി വർക്കേഴ്സ് വെൽഫെയർ ബോർഡിൽ ദിവസക്കൂലി അടി
സ്ഥാനത്തിൽ ജോലി ചെയ്യുന്ന ശ്രീ.മോഹനനുമായി തുടർന്ന് സംസാരിച്ച
തിൽ തനിക്ക് അപ്പോഴത്തെ ക്ഷോഭം നിയന്ത്രിക്കാനായില്ല എന്നും മേലിൽ
ഇത്തരം വീഴ്ച്ചകൾ ഉണ്ടാകുകയില്ല എന്നും അറിയിക്കുകയുണ്ടായി
എന്നുള്ള വിവരവും റിപ്പോർട്ട് ചെയ്യുന്നു.

5/11/2016

ജില്ലാ സാമൂഹ്യനീതി ഓഫീസർ
കൊല്ലം

DISTRICT SOCIAL JUSTICE OFFICE
KOLLAM 691 013
CIVIL STATION